(ഇ) പ്രസ്തുത കേസുകളിൽ പോലീസുകാർ പ്രതികളായിട്ടുള്ളവ എത്രയാണ്; ഏതൊക്കെ കേസുകളിലാണ് പോലീസുകാർ പ്രതികളായിട്ടുള്ളത്; ഡിപ്പാർട്ടുമെന്റ് തലത്തിൽ ഇവർക്കെതിരെ എന്തു നടപടിയെടുത്തു; വിശദമാക്കാമോ;

(എഫ്) ജീവനും സ്വത്തിനും സംരക്ഷണം നൽകാൻ കഴിയുംവിധം ആവശ്യമായ പരിഷ്കാരങ്ങൾ നിയമങ്ങളിൽ വരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)—(എഫ്) വിവരം ശേഖരിച്ചുനൽകുന്നതാണ്.

രജിസ്റ്റർ ചെയ്ത വിവിധ കേസുകൾ

115 [71] *ശ്രീ. ചി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-ൽ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര പേർ ആത്മഹത്യ ചെയ്തു;

(ബി) കുടുംബ ആത്മഹത്യകൾ എത്ര;

(സി) കടബാദ്ധ്യതമൂലം സംസ്ഥാനത്ത് എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ട് എന്നും ഈ കാലയളവിൽ എത്ര കസ്റ്റഡി മരണങ്ങൾ, ബലാൽസംഗ കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര സ്ത്രീപീഡന കേസുകൾ ഉണ്ടായിട്ടുണ്ടെന്നും ഇതിൽ എത്ര സ്ത്രീകൾ മരണപ്പെട്ടിട്ടുണ്ട് എന്നും അറിയിക്കുമോ;

(ഡി) എത്ര മോഷണകേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും, എത്ര ആരാധനാവയങ്ങൾ കവർച്ച ചെയ്യപ്പെട്ടു എന്നും എത്ര വാഹനമോഷണങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നും എത്ര വർഗ്ഗീയ സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട് എന്നും ഇതിൽ എത്ര പേർ കൊല്ലപ്പെട്ടു എന്നും വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് തീവ്രവാദ-വർഗീയ സംഘടനകൾ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇവയിൽ ഏതൊക്കെ സംഘടനകൾക്ക് വിദേശ സഹായം ലഭിക്കുന്നുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) (ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly